Kerala Kaumudu, 15-09-18, P-02

# കൃഷി ചെയ്യാനാകാതെ ഏക്കർ കണക്കിന് നെൽവയൽ

എരുമപ്പെട്ടി: പഴവൂർ ത്രീസ്റ്റാർ മെറ്റൽ ക്രഷറിൽ നിന്നും കരിങ്കൽ പൊടി ഒഴുകിയെത്തി പാടശേഖരത്തിൽ അടിഞ്ഞ് കൂടിയത് കർഷകരെ പ്രതിസന്ധിയിലാക്കുന്നു. ഏക്കർ കണക്കിന് നെൽവയൽ കൃഷിയിറക്കാൻ കഴിയാത്ത അവസ്ഥയിലായിരിക്കുകയാണ്. വേലൂർ പഞ്ചായത്തിൽ ഉൾപ്പെട്ട പഴവൂർ പാടശേഖരത്തിലെ 25 ഏക്കർ നെൽവയലാണ് കരിങ്കൽ പൊടിമൂടി കൃഷിയിറക്കാൻ പറ്റാത്ത സാഹചര്യത്തിലായിട്ടുള്ളത്.

പഴവൂർ കുന്നിൽ പ്രവർത്തിയ്ക്കുന്ന മെറ്റൽ ക്രഷറിൽ നിന്ന് സ്ലെറിയെന്ന് പറയുന്ന മാലിന്യമാണ് പാടശേഖരത്തിലേയ്ക്ക് ഒഴുക്കി വിടുന്നത്. കരിങ്കൽ പൊടിച്ച് മണൽ നിർമ്മിക്കുമ്പോൾ വരുന്ന രാസവസ്തുക്കൾ കലർന്ന അവശിഷ്ടം പാടശേഖരത്തിലേയ്ക്ക് ഒഴുകിയെത്തി പരന്ന് നെൽവയലുകളിൽ സിമന്റ് പോലെ ഉറച്ച് കിടക്കുകയാണ്. ഇത് കൃഷിയിറക്കാൻ കഴിയാത്ത സാഹചര്യം സൃഷ്ടിച്ചിരിക്കുകയാണ്. 25 ഏക്കർ പാടശേഖരത്തിൽ 6 ഏക്കർ കൃഷിയോഗ്യമല്ലായെന്ന് കൃഷി വകുപ്പിന്റെ കണക്കിലുണ്ട്. പാടശേഖരത്തിനോട് ചേർന്ന് കിടക്കുന്ന രണ്ട് പൊതുകുളങ്ങൾ മാലിന്യം അടിഞ്ഞ് കൂടി പൂർണ്ണമായും മൂടപ്പെട്ട നിലയിലാണ്. പഴവൂർ കോട്ടപ്പുറം റോഡും സ്ലെറി നിറഞ്ഞ് സഞ്ചാരയോഗ്യമല്ലാതായിരിക്കുകയാണ്.



*കരിങ്കൽപൊടി നിറഞ്ഞുകിടക്കുന്ന നെൽവയലുകളിൽ ഒന്ന്*

## പരാതി നൽകിയിട്ടും നടപടിയുണ്ടായില്ല

ഗ്രാമപഞ്ചായത്തിലും കൃഷിഭവനിലും, കളക്ടർക്കും കർഷകർ പരാതി നൽകിയിട്ടുണ്ടെങ്കിലും അനുകൂലമായ നടപടി കൈകൊണ്ടിട്ടില്ല. പാടശേഖരത്തിൽ നിറഞ്ഞ് കിടക്കുന്ന കരിങ്കൽ പൊടി നീക്കം ചെയ്യാമെന്ന് ക്രഷർ അധികൃതർ അറിയിക്കുന്നുണ്ടെങ്കിലും ഇതുവരേയും ഇതിന് തയ്യാറായിട്ടില്ല. ഈ സാഹചര്യത്തിലാണ് കർഷകർ ജിയോളജി വകുപ്പിനും പൊല്യൂഷൻ കൺട്രോൾ ബോർഡിലും പരാതി നൽകിയത്. ഇതിനെ തുടർന്ന് ഉദ്യോഗസ്ഥർ പാടശേഖരത്തിൽ പരിശോധന നടത്തി.